# വിജയഭേരി

## മലപ്പുറം ജില്ലാ പഞ്ചായത്ത്

ഹയർ സെക്കന്ററി ഒന്നാം വർഷം

# ബിസനസ് സ്റ്റഡീസ്

## FOCUS -2021



# ആമുഖം

മലപ്പുറം ജില്ലാ പഞ്ചായത്ത് വിജയഭേരി വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ വർഷം ഹയർസെക്കന്ററി/വി.എച്ച്.എസ്.സി രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി ഫോക്കസ് 21 എന്ന പേരിൽ തയ്യാറാക്കിയ സ്റ്റഡി മെറ്റീരിയലുകൾക്ക് അധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും വളരെ നല്ല പ്രതികരണമാണ് ലഭിച്ചത്. കോവിഡ് മഹാമാരിമൂലം സാധാരണ ക്ലാസുകൾ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് പ്രസ്തുത മെറ്റീരിയൽ ഏറെ സഹായകരമായെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു.

ഒന്നാം വർഷ വിദ്യാർത്ഥികൾക്കുള്ള പരീക്ഷ സെപ്തമ്പർ ആദ്യവാരം നടക്കുകയാണ്. ഫോക്കസ് പാഠഭാഗങ്ങൾക്കായി വിജയഭേരി ഫോക്കസ് +1 എന്ന പേരിൽ കഴിഞ്ഞ വർഷത്തേതു പോലെ ഈ വർഷവും വിവിധ വിഷയങ്ങൾക്ക് പ്രത്യേക സ്റ്റഡീമെറ്റീരിയൽ മലപ്പുറം ജില്ലാ പഞ്ചായത്ത് വിജയഭേരി വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പുറത്തിറക്കുകയാണ്. മലപ്പുറം ഡയറ്റാണ് പ്രസ്തുത മെറ്റീരിയലിനുള്ള അക്കാദമിക പിന്തുണ നൽകിയിട്ടുള്ളത്. വിവിധ വിഷയങ്ങളുടെ ജില്ലാ തല അധ്യാപകരുടെ അസോസിയേഷനാണ് ഈ പ്രവർത്തനങ്ങൾക്ക് ഞങ്ങളുടെ കൂടെ നിന്നത്. എല്ലാവരേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ഈ ഉദ്യമം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഏറെ ഉപകാരപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ വിദ്യാർത്ഥികൾക്കും മികച്ച വിജയം കൈവരിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

**എം.കെ. റഫീഖ**
ചെയർ പേഴ്സൺ
ആരോഗ്യ വിദ്യാഭ്യാസ സ്ഥിര സമിതി

**നസീബ അസീസ്**
പ്രസിഡണ്ട്
ജില്ലാ പഞ്ചായത്ത്.മലപ്പുറം

**ശ്രീമതി. സ്നേഹലത**
RDD മലപ്പുറം

**ശ്രീ .ഉബൈദുള്ള**
AD VHSE

**ശ്രീ.പി.മുഹമ്മദ് മുസ്തഫ**
പ്രിൻസിപ്പൾ ഇൻചാർജ്
ഡയറ്റ് മലപ്പുറം

**ടി. സലിം**
കോഡിനേറ്റർ
വിജയഭേരി

ഹയർസെക്കന്ററി ഒന്നാം വർഷം

# ബിസിനസ് സ്റ്റഡീസ്

## ഫോക്കസ് ഏരിയ നോട്ട്സ്


തയ്യാറാക്കിയത്

സുന്ദരൻ.കെ
വി.വി.എം ഹയർസെക്കന്ററി സ്കൂൾ മാറാക്കര
മലപ്പുറം



**അക്കാദമിക സഹായം**
ഡയറ്റ് മലപ്പുറം
അസോസിയേഷൻ ഓഫ് കോമേഴ്സ് ടീച്ചേഴ്സ് (ACT)മലപ്പുറം

# അധ്യായം 1

## ബിസിനസ്സും വ്യാപാരവും വാണിജ്യവും

**ബിസിനസ് എന്ന ആശയം (Concept of business)**

ലാഭം ലക്ഷ്യമാക്കി ഉപോഭോക്ത് സംതൃപ്തിയിലൂടെ സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനം,വിതരണം,വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ തുടർച്ചയായി ചെയ്യുന്നതിനെയാണ് ബിസിനസ് എന്നു പറയുന്നത്.

മനുഷ്യർ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ഇവയെ രണ്ടായി തരംതിരിക്കാം.

**a) സാമ്പത്തിക പ്രവർത്തനങ്ങൾ**

ദൈനംദിന ജീവിതത്തിനാവശ്യമായ പണം സമ്പാദിക്കുന്ന എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളെ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നു പറയുന്നു.

ഉദാഹരണം: അധ്യാപകൻ, ഫാക്ടറി തൊഴിലാളി, മാനേജർ

**b) സാമ്പത്തികേതര പ്രവർത്തനങ്ങൾ**

സ്നേഹം, സഹാനുഭൂതി, തുടങ്ങിയ വികാരങ്ങളിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് സാമ്പത്തികേതര പ്രവർത്തനങ്ങൾ. ധനം സമ്പാദിക്കുക എന്ന ലക്ഷ്യം തീരെ ഇല്ലാത്ത പ്രവർത്തനങ്ങളാണ് ഇവ.

ഉദാഹരണം: കുടുബാംഗങ്ങൾക്ക് ഭക്ഷണം പാകം ചെയ്യുന്ന വീട്ടമ്മ.

**ബിസിനസിന്റെ സവിശേഷതകൾ:**

**1)സാമ്പത്തിക പ്രവർത്തനം** : ബിസിനസ് ഒരു സാമ്പത്തികപ്രവർത്തനമാണ്. കാരണം ധനം സമ്പാദിക്കുക എന്നതാണ് ഇവയുടെ പ്രധാന ലക്ഷ്യം.

**2)സാധനങ്ങളുടെയും സേവനങ്ങളുടെയും ശേഖരണവും ഉൽപാദനവും:**

ജനങ്ങൾക്ക് ഉപഭോഗത്തിനായി ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ മറ്റുള്ളവർ ഉൽപ്പാദിപ്പാദിപ്പിക്കുന്നത് ശേഖരിക്കുകയോ ചെയ്യേണ്ടതുണ്ട്.

**3) മനുഷ്യാവശ്യങ്ങൾ നിറവേറ്റുന്നതിനായി സാധനങ്ങളുടെയും സേവനങ്ങളുടെയും വിൽപന അല്ലെങ്കിൽ കൈമാറ്റം ചെയ്യൽ:**

ലാഭം ലക്ഷ്യമാക്കി സാധനങ്ങളും സേവനങ്ങളും കൈമാറ്റം ചെയ്യുന്നതും വിൽപ്പന നടത്തുന്നതുമാണ് ബിസിനസ് . വ്യക്തിപരമായ ആവശ്യങ്ങൾക്ക് സാധനങ്ങൾ ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നത് ബിസിനസ് അല്ല.

**4) സാധനങ്ങളുടെയും സേവനങ്ങളുടെയും തുടർച്ചയായി കൈകാര്യം ചെയ്യൽ:**

ലാഭം ലക്ഷ്യമാക്കി സാധനങ്ങളും സേവനങ്ങളും തുടർച്ചയായി കൈമാറ്റവും വില്പനയും നടത്തുന്നത് മാത്രമേ ബിസിനസ് പ്രവർത്തനമാവുന്നുള്ളൂ.

**5) ലാഭസമ്പാദനം:**

ബിസിനസിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം ലാഭസമ്പാദനമാണ്. ലാഭമില്ലാതെ ഒരു ബിസിനസിനും നിലനില്ക്കാനാകില്ല.

**6) വരുമാനത്തിലെ അനിശ്ചിതത്വം:**

ഏതൊരു ബിസിനസും നഷ്ടസാധ്യതകൾ നിറഞ്ഞതാണ്. ബിസിനസിൽ വരുമാനത്തെ കുറിച്ച് അനിശ്ചിതത്വവും ഉണ്ട്.

**7) നഷ്ട സാധ്യത:**

ഭാവിയിൽ ഉണ്ടാകാൻ പോകുന്ന പ്രതീക്ഷിത സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നവർക്ക മാത്രമേ ലാഭം നേടാനുള്ള അവസരം ഉണ്ടാവുകയുള്ളൂ.

**വിവിധതരം ബിസിനസ് പ്രവർത്തനങ്ങൾ_(Classification of business activities)**

ബിസിനസ് പ്രവർത്തനങ്ങളെ പ്രധാനമായും വ്യാവസായെമെന്നും വാണിജ്യമെന്നും തരംതിരിക്കാം

**1)വ്യവസായം**

വിഭവങ്ങൾ യാന്ത്രസാമഗ്രികളുടെയും സാങ്കേതികജ്ഞാനമുള്ള തൊഴിലാളികളുടെയും സഹായത്തോടെ രൂപമാറ്റം വരുത്തി ഉപയോഗപ്രദമായ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്ന പ്രവർത്തനങ്ങളാണ് വ്യവസായം.

**വ്യവസായത്തിന്റെ തരംതിരിവുകൾ**

**I. പ്രാഥമികവ്യവസായങ്ങൾ (Primary Industries)**

പ്രകൃതിവിഭവങ്ങളുടെ ശേഖരണം, അവയുടെ ഉൽപ്പാദനം എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവയാണ് പ്രാഥമികവ്യവസായങ്ങൾ.ഇവയെ രണ്ടായി തരംതിരിക്കാം.

- **പ്രകൃതിജന്യ വ്യവസായങ്ങൾ (Extractive Industries)**

മണ്ണ്, ജലം, വായു തുടങ്ങിയ പ്രകൃതിവിഭവങ്ങളിൽ നിന്ന് മനുഷ്യന് ആവശ്യമായ വസ്തക്കൾ പുറത്തെടുക്കുകയോ ,ഉൽപ്പാദിപ്പിക്കുകയോ,ശേഖരിക്കുകയോ ചെയ്യുന്ന വ്യവസായങ്ങളാണ് ഇത്.

ഉദാ : ഖനനം ചെയ്യൽ, മത്സ്യബന്ധനം, വനവിഭവങ്ങൾ ശേഖരിക്കൽ

- **ജനിതകവ്യവസായങ്ങൾ (Genetic Industries)**

സസ്യങ്ങളുടെയും മൃഗങ്ങളുടെയും പ്രജനനവും പരിപാലനവുമായി ബന്ധപ്പെട്ട വ്യാവസായങ്ങളാണ് ഇവ.

ഉദാ : കോഴിവളർത്തൽ,കന്നുകാലി വളർത്തൽ

**II. ദ്വിതീയ വ്യവസായങ്ങൾ (Secondary Industries)**

പ്രാഥമിക വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങൾ വീണ്ടും പരിഷ്കരിക്കുകയോ , ഉപഭോക്തൃഉൽപ്പന്നങ്ങളോ വ്യവസായിക ഉൽപ്പന്നങ്ങളോ നിർമ്മിക്കുന്നവയാണഅ ദ്വിതീയ വ്യവസായങ്ങൾ

ഉദാ: മണ്ണിൽ നിന്നും ഖനനം ചെയ്ത് ഇരുമ്പയിരിൽ നിന്ന് സ്റ്റീൽ നിർമ്മിക്കുന്നത്.

ദ്വിതീയ വ്യവസായങ്ങളെ രണ്ട് വിശാല വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

i. **ഉൽപ്പാദന വ്യവസായങ്ങൾ (Manufacturing Industries)**

അസംസ്കൃത വ്യവസായങ്ങളെ ഉൽപ്പാദനങ്ങളാക്കി മാറ്റുന്നവയാണ് ഉൽപ്പാദന വ്യവസായങ്ങൾ . അസംസ്കൃത എണ്ണയിൽ നിന്ന് പെട്രോളിയം ഉൽപ്പന്നങ്ങൾ വേർതിരിടച്ചെടുക്കുക,ഇരുമ്പയിരിൽ നിന്ന് ഇരുമ്പും ഉരുക്കും വേർതിരിക്കുക എന്നിവ ഉദാഹണങ്ങളാണ്.

ഉൽപ്പാദന വ്യവസായങ്ങളെ 4 ഉപവിഭാഗങ്ങളായി തിരിക്കാം

**a) അനലറ്റിക്കൽ വ്യവസായം (Analytical Industries)**

പ്രധാന ഉൽപ്പന്നങ്ങളിൽ നിന്ന് തന്നെ പല ഘടകങ്ങളായി വേർതിരിച്ചെടുക്കലാണ് അനലറ്റിക്കൽ വ്യവസായം .

ഉദാ: എണ്ണ ശുദ്ധീകരണശാല

**b)സംയോജിത വ്യവസായങ്ങൾ (Synthetic Industries)**

പലതരം ഘടകങ്ങളെ സംയോജിപ്പിച്ചു കൊണ്ട് ഒരു വസ്തു നിർമ്മിക്കലാണ് സംയോജിത വ്യവസായങ്ങൾ

ഉദാ: സിമന്റ്,പേപ്പർ വ്യവസായം

**c) പ്രക്രിയാധിഷ്ഠിത വ്യവസായങ്ങൾ (Processing Industries)**

ഒരു അസംസ്കൃത വസ്തുവിനെ പലവ്യത്യസ്ത ഘട്ടങ്ങളിലൂടെ കടത്തിവിട്ട് ഒരു പൂർണ്ണ ഉല്പ്പന്നം ഉണ്ടാക്കുന്നു.

ഉദാ: വസ്ത്രനിർമ്മാണം

**d) സംയോജന വ്യവസായങ്ങൾ (Assembling Industries)**

ഉൽപ്പന്നങ്ങളുടെ വിവിധ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഒരു പുതിയ ഉൽപ്പന്നം ഉണ്ടാക്കുന്നതാണ് ഇത്.

ഉദാ: കമ്പ്യൂട്ടർ, മൊബൈൽ, ടെലിവിഷൻ

**ii നിർമ്മാണാത്മക വ്യവസായങ്ങൾ (Construction Industries)**

റോഡ്, അണക്കെട്ടുകൾ , പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സംരഭങ്ങളെ നിർമ്മാണ വ്യവസായങ്ങൾ എന്നു പറയുന്നു.

## III. തൃതീയ വ്യവസായങ്ങൾ (Tertiary Industries)

പ്രാഥമിക വ്യാവസായത്തിനും ദ്വിതീയ വ്യവസായത്തിനും സഹായകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യവസായങ്ങളെ തൃതീയ വ്യവസായങ്ങൾ എന്ന് വിളിക്കുന്നു.

ഉദാ: ഗതാഗതം, ഇൻഷൂറൻസ് , ബാങ്കിങ്ങ് മുതലായവ.

### വാണിജ്യം(Commerce)

ഉല്പാദകരിൽനിന്ന് ഉപഭോക്താവിലേക്ക് സാധനങ്ങളുടെയും സേവനങ്ങളുടേയും സ്വതന്ത്രമായ ഒഴുക്ക് സാധ്യമാക്കുന്ന പ്രവർത്തനങ്ങളാണ് വാണിജ്യം എന്നറിയപ്പെടുന്നത്. ഇത് ഉല്പ്പന്നങ്ങളുടെ കൈമാറ്റ പ്രക്രിയയിൽ ഉണ്ടാകുന്ന തടസ്സങ്ങളെ നീക്കം ചെയ്യുന്നു. ഇതിനെ രണ്ടായി തിരിക്കാം.

***മെയ്ക്ക് ഇൻ ഇന്ത്യ (Make in India)***

*2014 ൽ ഇന്ത്യാ ഗവൺമെന്റ് നടപ്പിൽവരുത്തിയ നൂതന പദ്ധതിയാണ് ഇത്. ഇന്ത്യൻ കമ്പനികൾക്കും മൾട്ടിനാഷണൽ കമ്പനികൾക്കും അവരുടെ ഉൽപ്പന്നങ്ങൾ ഇന്ത്യയിൽതന്നെ നിമ്മിക്കുവാൻ ആവശ്യമായ പ്രോത്സാഹനം ചെയ്യുകയാണ് ലക്ഷ്യം.*

### 1. വ്യാപാരം (Trade)

ലാഭ പ്രതീക്ഷയോടെ ഉൽപ്പന്നങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണ് വ്യാപാരം. ഇതിലൂടെ ഉല്പ്പന്നങ്ങൾ ആവശ്യാക്കാർക്ക് എത്തിച്ചു കൊടുക്കാൻ കഴിയുന്നു.

a.ആഭ്യന്തര വ്യാപാരം

b. ബാഹ്യ /വിദേശ/അന്താരാഷ്ട്ര വ്യാപാരം

- ആഭ്യന്തര വ്യാപാരം (Internal Trade)

ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ വ്യാപാരം നടക്കുമ്പോൾ അതിനെ ആഭ്യന്തര വ്യാപാരം എന്ന് വിളിക്കുന്നു. ഇതിനെ രണ്ടായി വിഭജിച്ചിരിക്കുന്നു.

a) മൊത്തക്കച്ചവടം : സാധനങ്ങൾ കൂട്ടമായി വാങ്ങുകയും ചെറിയ അളവിൽ വിൽക്കുകയും ചെയ്യുക.

b) ചില്ലറ വ്യാപാരം : മൊത്തക്കച്ചവടക്കാരനിൽ നിന്നോ നിർമ്മാതാവിൽ നിന്നോ ചെറിയ അളവിൽ സാധനങ്ങൾ വാങ്ങുകയും ചെറിയ അളവിൽ അവ ഉപയോക്താക്കൾക്ക വിൽക്കുകയും ചെയ്യുക.

- വിദേശ വ്യാപാരം (External Trade)

ഒരു രാജ്യത്തിന്റെ അതിരുകൾക്കപ്പുറത്ത് വ്യാപാരം നടക്കുമ്പോൾ ബാഹ്യ വ്യാപാരം എന്ന് വിളിക്കുന്നു. ഇതിനെ മൂന്നായി വിഭജിച്ചിരിക്കുന്നു.

**a)** കയറ്റുമതി: സാധനങ്ങൾ ഒരു വിദേശ രാജ്യത്തേക്ക് വിൽക്കുന്നത്.

**b)** ഇറക്കുമതി: ഒരു വിദേശ രാജ്യത്ത് നിന്ന് സാധനങ്ങൾ വാങ്ങുന്നത്.

**c)** കയറ്റുമതിക്ക് വേണ്ടിയുള്ള ഇറക്കുമതി(എന്റർപോർട് ): മറ്റ് രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി ചരക്കുകൾ ഇറക്കുമതി ചെയ്യുന്നത്.

**വ്യാപാര അനുബന്ധ പ്രവർത്തനങ്ങൾ (Auxiliaries to Trade)**

വ്യാപാരത്തെ സഹായിക്കുന്ന എല്ലാ ഘടകങ്ങളെയും വ്യാപാര അനുബന്ധ പ്രവർത്തനങ്ങൾ എന്ന് പറയുന്നു.

1. ഗതാഗതവും വാർത്താവിതരണവും.
2. ബാങ്കിങ്ങും ധനകാര്യവും.
3. ഇൻഷൂറൻസ്.
4. സംഭരണം.
5. പരസ്യം ചെയ്യൽ.

# അധ്യായം 2

## ബിസിനസ് സംരംഭങ്ങളുടെ വിവിധ രൂപങ്ങൾ

സ്വകാര്യമേഖലയിലെ ബിസിനസ് സംരംഭങ്ങളുടെ 5 വിവിധ രൂപങ്ങളാണ്.

1. ഏകാംഗവ്യാപാരം
2. ഹിന്ദു കൂട്ടുകുടുംബബിസിനസ്
3. പങ്കാളിത്ത ബിസിനസ്
4. സഹകരണസംഘങ്ങൾ
5. ജോയിന്റ് സ്റ്റോക്ക് കമ്പനി

### 1. ഏകാംഗവ്യാപാരം (Sole Proprietorship)

ഒരു വ്യക്തിയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള ബിസിനസ് ആണ് ഏകാംഗ വ്യാപാരം. ഒരു വ്യക്തി മാത്രം മുതൽ മുടക്കുകയും നഷ്ടസാധ്യതകൾ ഏറ്റെടുക്കുകയും, ഭരണകാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്ന ബിസിനസ് സംരംഭങ്ങളെ ഏകാംഗവ്യാപാരം എന്ന് നിർവചിക്കാം. ഇത് നടത്തുന്ന വ്യക്തി ഏകാംഗവ്യാപാരി എന്ന് അറിയപ്പെടുന്നു.

**സവിശേഷതകൾ**

**a) രൂപീകരണവും അടച്ചുപൂട്ടലും**

നിയമപരമായ നടപടിക്രമങ്ങളൊന്നുമില്ലാത്തതിനാൽ എളുപ്പത്തിൽ രൂപീകരിക്കാനും ബിസിനസ് അവസാനിപ്പിക്കാനും കഴിയും.

**b) പരിധിയില്ലാത്ത ബാധ്യത**

ഏകാംഗവ്യാപാരിയുടെ ബാധ്യത പരിധിയില്ലാത്തതാണ്. എല്ലാ ബാധ്യതകൾക്കും അദ്ദേഹം വ്യക്തിപരമായി ബാധ്യസ്ഥനായിരിക്കും.

**c) നിയന്ത്രണം**

ഏകാംഗവ്യാപാരത്തിന്റെ നിയന്ത്രണം പൂർണ്ണമായും ഉടമസ്ഥനിൽ നിക്ഷിപ്തമാണ്. ലാഭം നേടാനുള്ള അവകാശവും നഷ്ടം ഏറ്റെടുക്കാനുള്ള ഉത്തരവാദിത്വവും ഏകാംഗവ്യാപാരിക്കു മാത്രമാണ്.

**d) തുടർച്ചയില്ല**

ഒരു വ്യക്തി നടത്തുന്ന സ്ഥാപനമായതിനാൽ ഈ ബിസിനസിന് തുടർച്ചയില്ല. ഏകാംഗവ്യപാരിയുടെ മരണം, പാപ്പരത്തം എന്നിവയെല്ലാം ബിസിനസ് അടച്ചുപൂട്ടാൻ കാരണമാവും.

**e) വേറിട്ട നിലനിൽപ്പില്ല.**

നിയമത്തിന്റെ കണ്ണിൽ സ്വതന്ത്രമായ ഒരു വേറിട്ട നിലനിൽപ് ഏകാംഗവ്യാപാരത്തിനില്ല.

**f) ലാഭം നേടലും നഷ്ടം സഹിക്കലും**

ലാഭം ഉണ്ടായാൽ അത് പൂർണ്ണമായും ഏകാംഗവ്യാപാരിക്ക് അവകാശപ്പെട്ടതാണ്. അതുപോലെ നഷ്ടമുണ്ടായാൽ അത്പൂർണ്ണമായും ആ വ്യക്തി ഏറ്റെടുക്കണം.

**ഗുണങ്ങൾ**

a) ഒരു വ്യക്തി മാത്രം നടത്തുന്നതുകൊണ്ട് എളുപ്പത്തിൽ തീരുമാനങ്ങൾ എടുക്കാൻ കഴിയും.

b) ഉടമസ്ഥത ഒരാൾക്കുമാത്രമായതുകൊണ്ട് രഹസ്യങ്ങൾ സൂക്ഷിക്കാൻ കഴിയുന്നു.

c) ഒരു വ്യക്തി മാത്രമായതുകൊണ്ട് ജോലി ചെയ്യുന്നതിൽ വ്യക്തിപരമായ സംതൃപ്തി ഉണ്ട്.

d) ലാഭം ഉണ്ടായാൽ, ഒരു വ്യക്തിക്ക് മാത്രമായതുകൊണ്ട് പരമാവധി കാര്യക്ഷമമായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു.

e) നിയമപരമായ പ്രത്യേകനിയന്ത്രണങ്ങൾ ഇല്ലാത്തതിനാൽ രൂപീകരിക്കാനും അടച്ചുപൂട്ടാനും എളുപ്പമാണ്.

**കോട്ടങ്ങൾ (പരിമിതികൾ)**

a) ഏകാംഗവ്യാപാരിയുടെ മൂലധനം സാധാരണയായി പരിമിതമായിരിക്കും

b) ഉടമസ്ഥന്റെ മരണം, പാപ്പരത്തം തുടങ്ങിയവ ഉണ്ടാകുമ്പോൾ ബിസിനസിന് തുടർച്ചയില്ലാതാവുന്നു.

c) ഏകാംഗവ്യപാരിയുടെ ബാധ്യത പരിധിയില്ലാത്തതാണ്.

d) ഉടമസ്ഥന് പരിമിതമായ ഭരണശേഷിയേ ഉണ്ടാവുകയുള്ളൂ

## 2.പങ്കാളിത്ത ബിസിനസ് (Partnership)

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ബിസിനസ് നടത്താനും ലാഭനഷ്ടങ്ങൾ പങ്കിടാനുമുള്ള വ്യക്തികളുടെ കൂട്ടായ്മയാണ് പങ്കാളിത്ത ബിസിനസ്. ഇതിലെ വ്യക്തികളെ പങ്കാളികൾ എന്നും പങ്കാളിത്ത സ്ഥാപനം firm എന്നും അറിയപ്പെടുന്നു.

**സവിശേഷതകൾ**

a) രൂപീകരണം

1932 ലെ ഇന്ത്യൻ പങ്കാളിത്തനിയമമനുസരിച്ച് ഒരു കരാറിലൂടെയാണ് ഇത് രൂപീകരിക്കുന്നത്.

b) ബാധ്യത

പങ്കാളികളുടെ ബാധ്യത പരിധിയില്ലാത്തതാണ്.

c) ലാഭം അല്ലെങ്കിൽ നഷ്ടംപങ്കിടൽ

കരാറനുസരിച്ചുള്ള അനുപാതത്തിൽ ലാഭം അല്ലെങ്കിൽ നഷ്ടം പങ്കിട്ടെടുക്കുന്നു.

d) തുടർച്ച

ഏതൊരു പങ്കാളിയുടെയും മരണം, പാപ്പരത്തം, മനോരോഗം എന്നിവ പങ്കാളിത്ത ബിസിനസിന്റെ നിലനില്പിനെ ബാധിക്കും.

e) അംഗങ്ങളുടെ എണ്ണം

ഒരു പങ്കാളിത്ത ബിസിനസ് തുടങ്ങാൻ ചുരുങ്ങിയത് 2 പേരും, 2013 ലെ നിയമമനുസരിച്ച്പരമാവധി 100 പേരുമാണ്.

f) രജിസ്ട്രേഷൻ

പങ്കാളിത്തബിസിനസിന് രജിസ്ട്രേഷൻ നിർബന്ധമില്ല.

**പങ്കാളിത്ത പ്രമാണം (Partnership Deed)**

പങ്കാളികൾ തമ്മിൽ എഴുതി തയ്യാറാക്കിയിട്ടുള്ള ഒരു കരാറിനെയാണ് പങ്കാളിത്തപ്രമാണം എന്ന് പറയുന്നത്. പങ്കാളിത്ത ബിസിനസുമായി ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഉള്ളടക്കം

1. സ്ഥാപനത്തിന്റെ പേ ര്
2. പങ്കാളികളുടെ പേരും മേൽവിലാസവും
3. ഓരോ പങ്കാളിയുടെയും മുതൽ മുടക്ക്
4. ലാഭനഷ്ട അനുപാതം
5. പങ്കാളിത്തത്തിന്റെ കാലാവധി
6. പങ്കാളികളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വവും
7. ബിസിനസിന്റെ സ്വഭാവം
8. പങ്കാളികളുടെ ശമ്പളം
9. മൂലധനത്തിന്മേലുള്ള പലിശ
10. പങ്കാളികളുടെ പ്രവേശനവും വിരമിക്കലും സംബന്ധിച്ച വ്യവസ്ഥകൾ
11. സ്ഥാപനം അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ
12. തർക്കപരിഹാരവ്യവസ്ഥകൾ
13. അക്കൗണ്ടിന്റെയും ഓഡിറ്റിന്റെയും പരിപാലനം

## 3.സഹകരണസംഘങ്ങൾ (Co-operative Society)

ഒരു പൊതുലക്ഷ്യം നേടുന്നതിന് എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കുക എന്നതാണ് സഹകരണം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. തങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതിനുവേണ്ടി കുറെ പേർ

സ്വമേധയാ കൂടിച്ചേർന്ന് രൂപീകരിക്കുന്ന സ്ഥാപനമാണ് സഹകരണസംഘങ്ങൾ. പരസ്പരസഹായം വഴി സ്വയം സഹായം ആണ് സഹകരണസംഘത്തിന്റെ മുദ്രാവാക്യം.

**സവിശേഷതകൾ**

1. സ്വമേധയാലുള്ള അംഗത്വം

സഹകരണസംഘങ്ങളിൽ അംഗത്വമെടുക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമാണ്.

2. നിയമപരമായ പദവി

സഹകരണസംഘങ്ങൾക്ക് നിയമപരമായ നിലനില്പുണ്ട്. ഇത് സാധ്യമാകുന്നത് നിർബന്ധിതമായ രജിസ്ട്രേഷനിലൂടെയാണ്.

3. പരിമിതമായ ബാധ്യത

സഹകരണസംഘങ്ങളിലെ അംഗങ്ങളുടെ ബാധ്യത അവരുടെ മുതൽമുടക്കിന് തുല്യമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

4. നിയന്ത്രണം

സഹകരണസംഘത്തിന്റെ ഭരണം നിയന്ത്രിക്കുന്നത് ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റിയാണ്.

5. സേവനമാണ് ലക്ഷ്യം

അംഗങ്ങൾക്ക് സേവനം ലഭ്യമാക്കുക എന്നതാണ് സഹകരണസംഘത്തിന്റെ പ്രധാന ലക്ഷ്യം

## 4. ജോയിന്റ് സ്റ്റോക്ക് കമ്പനി (Joint Stock Company)

നിയമപരമായ നിലനില്പും, നിരന്തരമായ പിന്തുടർച്ചയും പൊതുമുദ്രയും ഉള്ള ഒരു കൃത്രിമ വ്യക്തിയെയാണ് കമ്പനി എന്നറിയപ്പെടുന്നത്. ഓഹരി ഉടമകളാണ് ഒരു കമ്പനിയുടെ യഥാർത്ഥ ഉടമസ്ഥർ.

**സവിശേഷതകൾ**

1. പ്രത്യേക നിയമപരമായ നിലനില്പ്

ഒരു കമ്പനിക്ക് സ്വതന്ത്രമായ നിയമപരമായ ഒരു നിലനില്പ് ഉണ്ട്.

2. കൃത്രിമവ്യക്തിത്വം

നിയമം മൂലം സൃഷ്ടിക്കപ്പെട്ട ഒരു കൃത്രിമവ്യക്തിയാണ് കമ്പനി. കമ്പനിക്ക് വ്യക്തികളെപ്പോലെ സ്വത്തുക്കൾ വാങ്ങാനും വില്ക്കാനും കഴിയും.

3. രൂപീകരണം

സങ്കീർണ്ണവും, ചെലവേറിയതും സമയമെടുക്കുന്നതുമായ ഒരു പ്രക്രിയയാണ് കമ്പനി രൂപീകരണം.

4. സ്ഥായിയായ നിലനില്പ്

ഒരു കമ്പനിക്ക് തുടർച്ചയായ നിലനില്പുണ്ട്. അംഗങ്ങളുടെ മരണം, പാപ്പരത്തം മുതലായവ അതിന്റെ നിലനില്പിനെ ബാധിക്കില്ല.

5. നിയന്ത്രണം

ഓഹരി ഉടമകളാൽ തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡാണ് കമ്പനിയുടെ നിയന്ത്രണം

6. ബാധ്യത

പരിമിതമായ ബാധ്യതയാണ് ഓഹരി ഉടമകൾക്കുള്ളത്. അവരുടെ ഓഹരിയുടെ മുഖവിലയിൽ അവരുടെ ബാധ്യത പരിമിതപ്പെടുത്തിയിരിക്കുന്നു.

7. പൊതുമുദ്ര

ഒരു കമ്പനിക്ക് ഒരു പൊതുമുദ്ര ഉണ്ടായിരിക്കും. ഈ മുദ്രയാണ് കമ്പനിയുടെ ഔദ്യോഗിക കയ്യൊപ്പ്

8. നിർബന്ധിത രജിസ്ട്രേഷൻ

കമ്പനി നിയമപ്രകാരം രജിസ്ട്രേഷൻ നിർബന്ധമാണ്.

**സ്വകാര്യകമ്പനിയും പൊതുകമ്പനിയും (Private Company and Public Company)**

ഒരു സ്വകാര്യകമ്പനി എന്നതുകൊണ്ടർത്ഥമാക്കുന്നത്

**a)** ഓഹരികൾ കൈമാറാനുള്ള അവകാശം നിയന്ത്രിച്ചിരിക്കുന്നു.

**b)** അംഗങ്ങൾ കുറഞ്ഞത് 2 ഉം കൂടിയത് 200 ഉം ആയിരിക്കും

**c)** ഓഹരികൾ വാങ്ങുന്നതിന് പൊതുജനങ്ങളെ ക്ഷണിക്കുന്നില്ല.

**d)** അവരുടെ പേരിന് ശേഷം "പ്രൈവറ്റ് ലിമിറ്റഡ്" എന്ന് ചേർത്തിരിക്കും.

സ്വകാര്യകമ്പനികളല്ലാത്ത കമ്പനികളെ പൊതുകമ്പനികൾ എന്ന് വിളിക്കുന്നു. കമ്പനി നിയമപ്രകാരം പൊതുകമ്പനി എന്നാൽ

**a)** അംഗങ്ങളുടെ എണ്ണം കുറഞ്ഞത് 7, പരമാവധി അംഗങ്ങൾക്ക് പരിധിയില്ല.

**b)** ഓഹരികളുടെ കൈമാറ്റത്തിന് നിയന്ത്രണമില്ല

**c)** ഓഹരികൾ സ്വീകരിക്കുന്നതിന് പൊതുജനങ്ങളെ ക്ഷണിക്കുന്നു.

**സ്വകാര്യകമ്പനിയും പൊതുകമ്പനിയും തമ്മിലുള്ള വ്യത്യാസം**

| അടിസ്ഥാനം | പൊതുകമ്പനി | സ്വകാര്യകമ്പനി |
|---|---|---|
| അംഗങ്ങൾ | കുറഞ്ഞത് - 7<br>പരമാവധി - പരിധിയില്ല | കുറഞ്ഞത് - 2<br>പരമാവധി - 200 |
| ഡയറക്ടർമാരുടെ എണ്ണം | കുറഞ്ഞത് 3 | കുറഞ്ഞത് 2 |
| അംഗങ്ങളുടെ പട്ടിക | നിർബന്ധമാണ് | നിർബന്ധമില്ല |
| ഓഹരി കൈമാറ്റം | കൈമാറാം | നിബന്ധനകൾക്ക് വിധേയം |
| ഓഹരികൾ വാങ്ങാൻ പൊതുജനങ്ങളെ ക്ഷണിക്കൽ | ക്ഷണിക്കാൻ കഴിയും | ക്ഷണിക്കാൻ കഴിയില്ല |

# അധ്യായം 3

## ബിസിനസ് സേവനങ്ങൾ

പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പ ആവശ്യമുള്ളവർക്ക് പണം കടമായി നല്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് ബാങ്കുകൾ. വാണിജ്യബാങ്കുകൾ,

സഹകരണബാങ്കുകൾ, സവിശേഷബാങ്കുകൾ, കേന്ദ്രബാങ്ക് എന്നിവയാണ് നമ്മുടെ രാജ്യത്ത് കാണുന്ന വിവിധതരം ബാങ്കുകൾ.

**വാണിജ്യബാങ്കുകളുടെ ധർമ്മങ്ങൾ**

**1. പ്രാഥമികധർമ്മങ്ങൾ (Primary functions)**

നിക്ഷേപങ്ങൾ സ്വീകരിക്കൽ

പൊതുജനങ്ങളിൽ നിന്ന് വിവിധരീതിയിൽ ലഭിച്ച നിക്ഷേപങ്ങളാണ് ബാങ്കുകളുടെ പ്രധാന വിവരങ്ങൾ. സാധാരണയായി നാല് തരത്തിലുള്ള നിക്ഷേപങ്ങളാണ് ഉള്ളത്.

**a) സ്ഥിരനിക്ഷേപം (Fixed Deposit)**

ഒരു നിശ്ചിതതുക നിശ്ചിതകാലത്തേക്ക് നിക്ഷേപിക്കുന്നതാണ് ഇത്. ഇതിന് സാധാരണയായി ഉയർന്ന പലിശ ലഭിക്കുന്നു. ഇതിന് തെളിവായി ബാങ്കുകൾ നിക്ഷേപകന് ഫിക്സഡ് ഡെപ്പോസിറ്റ് റെസീറ്റുകൾ നല്കുന്നു.

**b) സേവിംഗ്സ് ബാങ്ക് നിക്ഷേപം (Savings Bank Deposit)**

ഇത് സമ്പാദ്യസമാഹരണത്തിന് ഉപയോഗിക്കാവുന്ന നിക്ഷേപമാണ്. താരതമ്യേന പലിശനിരക്ക് കുറവായിരിക്കും.

**c) കറന്റ് ബാങ്ക് നിക്ഷേപങ്ങൾ (Current Bank Deposit)**

ബിസിനസുകാർ സാധാരണയായി ഉപയോഗിക്കുന്നതാണ് ഈ നിക്ഷേപം. എപ്പോൾ പണം നിക്ഷേപിക്കാനും എപ്പോൾ പണം പിൻവലിക്കാനും ഇതിൽ സ്വാതന്ത്ര്യമുണ്ട്. ഓവർഡ്രാഫ്റ്റ് സൗകര്യം ലഭിക്കുന്നു. പലിശ സാധാരണയായി ലഭിക്കുന്നില്ല.

**d) പണം കടം കൊടുക്കൽ**

സ്വീകരിച്ച നിക്ഷേപങ്ങൾ ഉപയോഗിച്ച് പണം കടം കൊടുക്കുക എന്നത് ബാങ്കുകളുടെ പ്രധാന പ്രവർത്തനമാണ്. ബാങ്കുകൾ സാധാരണയായി നല്കുന്ന വായ്പകൾ താഴെപ്പറയുന്നു.

**a) ക്യാഷ് ക്രെഡിറ്റ്**

ഒരു ക്യാഷ് ക്രെഡിറ്റ് അക്കൗണ്ട് തുടങ്ങി അനുവദനീയമായ തുകവരെ പിൻവലിക്കാൻ അവസരം കൊടുക്കുന്ന രീതിയാണിത്. പിൻവലിച്ച തുകക്ക് മാത്രമേ പലിശ നൽകേണ്ടതുള്ളൂ.

**b) ഓവർഡ്രാഫ്റ്റ് (OD)**

കസ്റ്റമറുടെ അക്കൗണ്ടിൽ ഉള്ള തുകയേക്കാൾ തുക പിൻവലിക്കാൻ അനുവദിക്കുന്നതാണ് ഓവർഡ്രാഫ്റ്റ്.

c) ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യൽ

d) ദീർഘകാല വായ്പ

**2. ദ്വിതീയ പ്രവർത്തനങ്ങൾ (Secondary functions)**

**a) ചെക്ക് സൗകര്യം**

മറ്റ് ബാങ്കുകൾ ഉപഭോക്താക്കൾക്ക് നൽകിയ ചെക്കുകൾ സ്വീകരിക്കുക എന്നത് ബാങ്കുകളുടെ പ്രധാന ധർമ്മമാണ്.

**b) പണമടയ്ക്കൽ**

ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കോ മറ്റൊരാൾക്കോ അക്കൗണ്ടിലൂടെ പണം കൈമാറ്റം ചെയ്യുക എന്ന പ്രവർത്തനവും ബാങ്കുകൾ ചെയ്യുന്നുണ്ട്.

### 3. അനുബന്ധസേവനങ്ങൾ (Allied Services)

- ലോക്കർസൗകര്യം
- ലെറ്റർ ഓഫ് ക്രഡിറ്റ്
- ട്രാവലേഴ്സ് ചെക്ക്
- ഇൻഷൂറൻസ് പ്രീമിയം അടക്കുക
- ഫോറിൻ എക്സ്ചേഞ്ച് ബിസിനസ്
- ഓഹരി വിതരണത്തിലെ അണ്ടർറൈറ്റിംഗ് നടത്തുക

**ഇ-ബാങ്കിംഗ്**

ഇന്റർനെറ്റിന്റെ സഹായത്തോടുകൂടി ബാങ്കിന്റെ വെബ്സൈറ്റിൽ കയറി ആവശ്യമായ ബാങ്കിംഗ് സേവനങ്ങൾ സ്വയം ചെയ്യുന്ന പ്രവർത്തനമാണ് ഇ-ബാങ്കിംഗ്.

**ഇ-ബാങ്കിംഗിന്റെ നേട്ടങ്ങൾ**

ഉപഭോക്താക്കൾക്ക് : ഇ-ബാങ്കിംഗ് കൊണ്ടുള്ള നേട്ടങ്ങൾ താഴെപ്പറയുന്നു.

- വർഷത്തിൽ എല്ലാ ദിവസവും 24 മണിക്കൂറും ബാങ്കിംഗ് സേവനം
- ഓഫീസിലിരുന്നോ വീട്ടിലിരുന്നോ ചെയ്യാം
- സാമ്പത്തിക അച്ചടക്കം ഉണ്ടാകുന്നു.
- ഉപഭോക്തൃസംതൃപ്തി

**ഇൻഷുറൻസ്**

പ്രീമിയം പ്രതിഫലമായി കൈപ്പറ്റി കക്ഷികൾക്കുണ്ടാകുന്ന അപ്രതീക്ഷിത നഷ്ടങ്ങൾ നികത്തിക്കൊടുക്കാമെന്നേൽക്കുന്ന രണ്ട് കക്ഷികൾ തമ്മിലുള്ള ഉടമ്പടിയാണ് ഇൻഷുറൻസ്.

**a) ഇൻഷ്വേർഡ്**

ആരുടെ സ്വത്തോ ജീവനോ ആണോ നഷ്ടസാധ്യതക്കെതിരെ ഇൻഷുർ ചെയ്യുന്നത് അയാളാണ് ഇൻഷ്വേർഡ്.

**b) ഇൻഷുറർ**

നഷ്ടപരിഹാരം കൊടുക്കാമെന്ന് ഉറപ്പുകൊടുക്കുന്ന കക്ഷിയാണ് ഇൻഷുറർ

**c) പ്രീമിയം**

നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഇൻഷ്വേർഡ് ഇൻഷുറർക്ക് നല്കുന്ന പ്രതിഫലമാണ് പ്രീമിയം.

**d) പോളിസി**

ഇൻഷുറൻസിന്റെ വ്യവസ്ഥകൾ അടങ്ങിയ പ്രമാണമാണ് പോളിസി.

### ഇൻഷുറൻസിന്റെ അടിസ്ഥാന തത്വങ്ങൾ (Principles of Insurance)

### 1. പരമമായ ഉത്തമവിശ്വാസം (Utmost good faith)

പരമമായ ഉത്തമവിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു കരാറാണ് ഇൻഷുറൻസ്. രണ്ട് കക്ഷികളും ഉത്തമവിശ്വാസത്തോടെയായിരിക്കണം കരാറിലേർപ്പെടേണ്ടത്. രണ്ട് കക്ഷികളും ഇൻഷുറൻസുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പരസ്പരം കൈമാറിയിരിക്കണം. വസ്തുതകൾ മറച്ചുവെക്കാൻ പാടില്ല.

**2. ഇൻഷ്വർ ചെയ്യാനുള്ള താല്പര്യം (Insurable Interest)**

ഈ തത്വമനുസരിച്ച് കരാറിൽ ഏർപ്പെടുന്ന ഒരു കക്ഷിക്ക് ഇൻഷ്വറൻസുമായി ബന്ധപ്പെടുത്താൻ ഉദ്ദേശിക്കുന്ന വസ്തുവിൽ, വിഷയത്തിൽ സാമ്പത്തിക താല്പര്യമാണ് ആ കക്ഷിക്ക് ഉണ്ടാവേണ്ടത്.

**3. നഷ്ടത്തിനുള്ള ഉത്തരവാദിത്വം (Indemnity)**

നഷ്ടം സംഭവിക്കുന്ന പക്ഷം ഇൻഷ്വറൻസ് കമ്പനി നഷ്ടത്തിന്റെ യഥാർത്ഥമൂല്യത്തിന്റെ പരിധി അല്ലെങ്കിൽ ഇൻഷ്വർ ചെയ്ത തുക ഇതിൽ ഏതാണോ കുറവ് അതനുസരിച്ച് നഷ്ടപരിഹാരം ലഭ്യമാക്കും. ലൈഫ് ഇൻഷ്വറൻസിൽ ഈ തത്വം ബാധകമല്ല.

**4. സമീപസ്ഥ കാരണം (Proximate Cause)**

ഒരു അപകടത്തിൽ ഉണ്ടാവുന്ന നഷ്ടത്തിന് പല കാരണങ്ങൾ ഉണ്ടാവാം. എന്നാൽ അപകടവുമായി നേരിട്ട് ബന്ധമുള്ള കാരണത്തിന് മാത്രമേ പരിഗണിക്കുകയുള്ളൂ.

**5. പരിത്യാഗം (Subrogation)**

ഈ തത്വമനുസരിച്ച് ഇൻഷ്വറൻസ് കമ്പനി നഷ്ടപരിഹാരം നല്കി കഴിഞ്ഞാൽ നഷ്ടം സംഭവിച്ച വസ്തുവിന്റെ സ്ക്രാപ്പ് അല്ലെങ്കിൽ അവശിഷ്ടങ്ങൾ ഇൻഷ്വറൻസ് കമ്പനിയുടെ സ്വത്തായി മാറും.

**6. വിതാംശം (Contribution)**

ഒരേ വിഷയത്തിൽ രണ്ട് ഇൻഷ്വറൻസ് (ഡബിൾ ഇൻഷ്വറൻസ്) എടുത്തിട്ടുണ്ടെങ്കിൽ നഷ്ടം സംഭവിച്ചാൽ എല്ലാ കമ്പനികൾക്കും ആനുപാതിക ബാധ്യത ഉണ്ടായിരിക്കും. അതായത് നഷ്ടപരിഹാരത്തുക ഇൻഷ്വർ ചെയ്തിട്ടുള്ള എല്ലാ കമ്പനികളും ചേർന്ന് നല്കും.

**7. നഷ്ട ലഘൂകരണം (Mitigation of Loss)**

ഈ തത്വമനുസരിച്ച് ഇൻഷ്വർ ചെയ്തിട്ടുള്ള ആൾ അപകടം സംഭവിച്ചാൽ നഷ്ടം കുറക്കുന്നതിനുള്ള പരമാവധി കാര്യങ്ങൾ ചെയ്തിരിക്കണം.

**പണ്ടകശാലകൾ / വെയർഹൗസിംഗ്**

സാധനങ്ങൾ കേടുകൂടാതെയും അവയുടെ യഥാർത്ഥരൂപത്തിലും ഭാവത്തിലും ഉപയോഗക്ഷമത നഷ്ടപ്പെടാതെയും സൂക്ഷിച്ച് വെക്കാനുള്ള സ്ഥലമാണ് പണ്ടകശാലകൾ. ഇന്ന് ഇതിലുപരിയായി ഒരുപാട് ധർമ്മങ്ങൾ പണ്ടകശാലകൾ വഹിക്കുന്നുണ്ട്.

**വിവിധതരം പണ്ടകശാലകൾ / സംഭരണശാലകൾ**

**1. സ്വകാര്യസംഭരണശാലകൾ**

സ്വന്തം ഉൽപന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സ്ഥാപനങ്ങൾ സ്വന്തം ഉടമസ്ഥതയിലോ വാടകക്ക് എടുത്തോ പ്രവർത്തിക്കുന്ന സംഭരണശാലകളാണിത്.

**2. പൊതുസംഭരണശാലകൾ**

ഒരു നിശ്ചിത ഫീസ് വാങ്ങിക്കൊണ്ട് പൊതുജനങ്ങൾക്കോ, കച്ചവടക്കാർക്കോ ചരക്കുകൾ സൂക്ഷിച്ച് വെക്കാവുന്ന സംഭരണശാലകളാണ് ഇത്.

**3. ബോണ്ടഡ് സംഭരണശാലകൾ**

ഇറക്കുമതി ചെയ്ത സാധനങ്ങൾ ഇറക്കുമതി തീരുവ അടക്കുന്നതിന് മുൻപ് സൂക്ഷിക്കാൻ ഉപയോഗിക്കുന്ന സംഭരണശാലകളാണിത്.

**4. സർക്കാർ സംഭരണശാലകൾ**

സഹകരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ളതാണ് ഇത്.

# അധ്യായം 4

## ബിസിനസിലെ നൂതന പ്രവണതകൾ

**ഇ–ബിസിനസ്**

ഇലക്ട്രോണിക് മാധ്യമങ്ങളുപയോഗിച്ച് പ്രത്യേകിച്ച് കമ്പ്യൂട്ടർ ശൃംഖല ഉപയോഗിച്ച് വ്യവസായം, വ്യാപാരം, വാണിജ്യം എന്നിവ ചെയ്യുന്നതിനെ ഇ-ബിസിനസ് എന്ന് പറയാം. കമ്പ്യൂട്ടർ നെറ്റ്‌വർക്കുകളിലൂടെ മിക്കവാറും എല്ലാത്തരം ബിസിനസ്സ് പ്രവർത്തനങ്ങളും മാനേജർ പ്രവർത്തനങ്ങളും നടത്താം.

**ഇ-കൊമേഴ്സ്**

ഇൻറർനെറ്റിലൂടെ ഉപഭോക്താക്കളുമായും വിതരണക്കാരുമായും ഉള്ള സ്ഥാപനത്തിന്റെ ഇടപെടലിനെ ആണ് ഇ-കൊമേഴ്സ് എന്ന് പറയുന്നത് .ഇത് ഇ-ബിസിനസിന്റെ ഒരു ഭാഗം മാത്രമാണ്.

**ഇ-ബിസിനസ്സിന്റെ വ്യാപ്തി**

ഇ-ബിസിനസ് ഇടപാടുകൾ ഇനിപ്പറയുന്ന നാല് വഴികളിൽ കാണാൻ കഴിയും

**1. ബി 2 ബി കൊമേഴ്സ്:** ഈ വാണിജ്യ ഇടപാടുകൾ വിവിധ ബിസിനസ്സ ഓർഗനൈസേഷനുകൾക്കിടയിൽ നടക്കുന്നു. വാങ്ങൽ ഓർഡറുകൾ, ഇൻവോയ്സുകൾ,ക്വട്ടെഷൻസ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**2. ബി 2 സി കൊമേഴ്സ്:** ഒരു ഭാഗത്ത് ബിസിനസ്സ് സ്ഥാപനവും മറു ഭാഗത്ത് ഉപഭോക്താവും ഉൾപ്പെടുന്ന ഇലക്ട്രോണിക് ഇടപാടാണ് ബി2 സി ഇടപാടുകൾ. ചരക്കുകളുടെ വിൽപ്പന, കോൾ സെന്ററുകൾ, എടിഎം സൗകര്യം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**3. ഇൻട്രാ-ബി കൊമേഴ്സബിസി:** ബിസിനസ്സ് സംരംഭത്തിനകത്തുള്ള വ്യക്തികൾ തമ്മിലോ ഡിപ്പാർട്മെന്റുകൾ തമ്മിലോ നടത്തുന്ന ഇടപാടുകളാണ് ഇവ . മാർക്കറ്റിംഗ്, ധനകാര്യം,ഉത്പാദനം, വാങ്ങൽ, മാനവ വിഭവശേഷി, ഗവേഷണ, വികസന വകുപ്പുകളിൽ കമ്പ്യൂട്ടർ ബിസിനസ്സിന്റെ ഇടപെടലും ഇതിൽ ഉൾപ്പെടുന്നു.

**4. സി 2 സി കൊമേഴ്സ്:** രണ്ടോ അതിൽ കൂടുതലോ ഉപഭോക്താക്കൾ ക്കിടയിൽ നടക്കുന്ന ഇടപാടാണ്.
ഉദാ : e Bay. com, olx. com, amazon, flipkart.

**പരമ്പരാഗത ബിസിനസും ഇ-ബിസിനസും തമ്മിലുള്ള വ്യത്യാസം**

| **അടിസ്ഥാനം** | **പരമ്പരാഗത ബിസിനസ്സ്** | **ഇ-ബിസിനസ്** |
|---|---|---|
| രൂപീകരണം | ബുദ്ധിമുട്ടേറിയതാണ് | താരതമ്യേന എളുപ്പമാണ് |
| കക്ഷികളുടെ ഭൗതിക സാന്നിധ്യം | ആവശ്യമാണ് | ആവശ്യമില്ല |

| | | |
|---|---|---|
| രൂപീകരണ ചെലവ് | കൂടുതൽ | കുറവ് |
| പ്രവർത്തന ചെലവ് | കൂടുതൽ | കുറവ് |
| വ്യക്തി ബന്ധങ്ങൾക്കുള്ള സാധ്യത | വളരെ കൂടുതൽ | തീരെയില്ല |
| സർക്കാർ അനുഭാവം | കുറഞ്ഞു കൊണ്ടിരിക്കുന്നു | ഉയർന്ന പരിഗണന നല്കുന്നു |
| ഇടപാടുകളിലെ നഷ്ടസാധ്യത | തിരെ കുറവ് | കൂടുതലാണ് |
| ഉപഭോക്താക്കളുടെ ആവശ്യങ്ങളോടുള്ള പ്രതികരണസമയം | | |

**പുറംകരാർ/ ഔട്ട്സോഴ്സിംഗ് (Outsourcing)**

ബിസിനസ്സ് ഓർഗനൈസേഷനുകൾ അവരുടെ പ്രധാന പ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും മറ്റ് സേവനങ്ങളെ പ്രത്യേക ഏജൻസികൾക്ക് പുറംകരാറായി നല്കുന്നതിനേയുമാണ്പുറംകരാർ/ഔട്ട്സോഴ്സിംഗ് എന്ന് പറയുന്നത്.

**പുറംകരാർ/ ഔട്ട്സോഴ്സിംഗിന്റെ ആവശ്യകത**

1.ബിസിനസിന് അതിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയുന്നു.

2. വൈദഗ്ധ്യവൽക്കരണത്തിലൂടെ ഉപയോക്താക്കൾക്ക് മികച്ച സേവനങ്ങൾ നൽകാൻ ഇത് സഹായിക്കുന്നു.

3. തൊഴിൽ വിഭജനത്തിലൂടെയും വൈദഗ്ധ്യവൽക്കരണത്തിലൂടെയും ചെലവ്ചുരുക്കാൻ ഇതുസഹായിക്കുന്നു.

4.മറ്റ് സ്ഥാപനങ്ങളുമായി സഖ്യമുണ്ടാക്കുന്നതിലൂടെ സാമ്പത്തിക ആവശ്യകതകൾ കുറയുന്നതിനാൽ അവ അതിവേഗം വികസിക്കാൻ കഴിയും.

5.പുറംകരാർ കയറ്റുമതി ,സംരംഭകത്വം, തൊഴിൽ എന്നിവ പ്രധാനം ചെയ്യുന്നു.

# അധ്യായം 5

## ബിസിനസ്സിന്റെ സാമൂഹിക ഉത്തരവാദിത്വവും ബിസിനസ്സ് ധർമ്മവും

**സാമൂഹിക ഉത്തരവാദിത്തം (Social Responsibility)**

സമൂഹത്തിന്റെ മൂല്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും യോജിക്കുന്ന രീതിയിൽ പ്രവർത്തിക്കാനുള്ള ബിസിനസിന്റെ ബാധ്യതയാണ് സാമൂഹിക ഉത്തരവാദിത്തം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് .

**വിവിധതരം സാമൂഹിക ഉത്തരവാദിത്വങ്ങൾ**

- **സാമ്പത്തിക ഉത്തരവാദിത്വം**
  സമൂഹത്തിന്റെ ആവശ്യത്തിനനുസരിച്ച് സാധനങ്ങളും സേവനങ്ങളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക.
- **നിയമപരമായ ഉത്തരവാദിത്വം**
  നിയമവ്യവസ്ഥകൾക്ക് അനുസരിച്ച് പ്രവർത്തിക്കുക.
- **ധാർമ്മിക ഉത്തരവാദിത്വം**
  സമൂഹത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ച് പ്രവർത്തിക്കുക.

- **വിവേചനപരമായ ഉത്തരവാദിത്വം**

ഒരു ബിസിനസ്സ് സംരംഭം പൂർണ്ണമായും സ്വമേധയാ ഏറ്റെടുക്കുന്ന ഉത്തരവാദിത്വം.

**വിവിധ തൽപ്പര കക്ഷികളോടുള്ള സാമൂഹിക ഉത്തരവാദിത്വങ്ങൾ**

1. **ഉടമയോടുള്ള ഉത്തരവാദിത്തം:**
   - മുടക്കുമുതലിന്റെ സുരക്ഷ ഉറപ്പാക്കുന്നു.
   - ന്യായമായ ലാഭവിഹിതം ഉറപ്പാക്കുക.
   - സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ശരിയായ വിവരം നൽകുക.
2. **ഉപഭോക്താക്കളോടുള്ള ഉത്തരവാദിത്തം:**
   - ഗുണനിലവാരമുള്ള സാധനങ്ങൾ ന്യായവിലക്ക് ലഭ്യമാക്കുക.
   - തെറ്റായ വ്യാപാര രീതികൾ ഒഴിവാക്കുക.
   - തെറ്റിദ്ധാരണയുണ്ടാക്കുന്ന പരസ്യങ്ങൾ ഒഴിവാക്കുക.
   - ഉപയോക്താക്കൾക്ക് ശരിയായ സേവനങ്ങൾ നൽകുക
   - ഉപഭോക്താക്കളോട് മാന്യമായി പെരുമാറുക.
3. **സമൂഹത്തോടും സർക്കാരിനോടുള്ള ഉത്തരവാദിത്തം:**
   - കൃത്യമായി നികുതികൾ നൽകുക.
   - രാജ്യത്തെ നിയമങ്ങൾ പാലിക്കുക.
   - പരിസ്ഥിതി സംരക്ഷിക്കുക.
   - പൊതുജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുക.
   - പ്രദേശവാസികൾക്ക് തൊഴിൽ നൽകുക.
4. **ജീവനക്കാരോടുള്ള ഉത്തരവാദിത്തം:**
   - ന്യായമായ ശമ്പളവും ആനുകൂല്യങ്ങളും നൽകുക.
   - മികച്ച തൊഴിൽ സാഹചര്യങ്ങൾ നൽകുക.
   - ജീവനക്കാർ തമ്മിലുള്ള വിവേചനം ഒഴിവാക്കുക.

**പരിസ്ഥിതി സംരക്ഷണം**

പരിസ്ഥിതി സംരക്ഷണമെന്നത് ബിസിനസ് നേരിടുന്ന ഗുരുതരമായ പ്രശ്നമാണ്. വലിയതോതിലുള്ള വ്യാവസായിക പ്രവർത്തനങ്ങൾ പരിസ്ഥിതി നശിപ്പിക്കുന്നുണ്ടെന്നത് ഒരു യാഥാർത്യമാണ്.ദോഷകരമായ വസ്തുക്കൾ പരിസ്ഥിതിയിലേക്ക് കടത്തിവിടുന്നത് മലിനീകരണത്തിന് കാരണമാവുന്നു. ഇത് മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും ജീവന് ഭീഷണിയാവുന്നു.

**പരിസ്ഥിതി മലിനീകരണത്തിന്റെ പ്രധാന കാരണങ്ങൾ:**

- വായു മലിനീകരണം
- ജല മലിനീകരണം
- മണ്ണ് മലിനീകരണം
- ശബ്ദ മലിനീകരണം

# അധ്യായം 6

## കമ്പനി രൂപീകരണം

**ജോയിന്റ് സ്റ്റോക്ക് കമ്പനി**

നിയമപരമായ നിലനില്പും, നിരന്തരമായ പിന്തുടർച്ചയും പൊതുമുദ്രയും ഉള്ള ഒരു കൃത്രിമ വ്യക്തിയെയാണ് കമ്പനി എന്നറിയപ്പെടുന്നത്. ഓഹരി ഉടമകളാണ് ഒരു കമ്പനിയുടെ യഥാർത്ഥ

ഉടമസ്ഥർ.ഒരു കമ്പനിയുടെ രൂപീകരണം വളരെ സമയമെടുക്കുന്നതും ദൈർഘ്യമേറിയതും സങ്കീർണ്ണവുമായ പ്രക്രിയയാണ്. കമ്പനി രൂപീകരണത്തിന് നാല് ഘട്ടങ്ങളുണ്ട്.

- പ്രാരംഭ പ്രവർത്തനം
- രൂപീകരണം
- മൂലധനം സ്വരൂപിക്കൽ
- ബിസിനസ് ആരംഭിക്കൽ.

**പ്രാരംഭ പ്രവർത്തനം (Promotion)**

കമ്പനി രൂപീകരണത്തിന്റെ ഒന്നാമത്തെ ഘട്ടമാണ് ഇത്.ഒരു കമ്പനി ആരംഭിക്കാൻ ആവശ്യമായ എല്ലാ പ്രവർത്തനങ്ങളുടെയും ആകെത്തുകയാണ് പ്രമോഷൻ എന്ന് പറയുന്നത്. ബിസിനസ്സ് ആശയം കണ്ടെത്തൽ, അതിന്റെ അന്വേഷണം, ലാഭം കണ്ടെത്തൽ ബിസിനസ്സ് സജ്ജീകരിക്കുന്നതിന് ആവശ്യമായ വിഭവങ്ങൾ ശേഖരിക്കുക എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

ഒരു കമ്പനി തുടങ്ങുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ ചെയ്യുന്ന വ്യക്തിയെ അല്ലെങ്കൽ സ്ഥാപനത്തെ **പ്രൊമോട്ടർ** എന്ന് വിളിക്കുന്നു.

**പ്രൊമോട്ടറുടെ ധർമ്മങ്ങൾ (Functions of Promoter)**

- ബിസിനസ് അവസരങ്ങൾ തിരിച്ചറിയുക
- സാധ്യതാ പഠനം നടത്തുക
- പേര് അംഗീകരിക്കൽ
- മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ ഒപ്പ് വയ്ക്കുന്നവരെ തീരുമാനിക്കുക
- വിധഗ്ദ്ധരെ നിയമിക്കൽ
- ആവശ്യമായ രേഖകൾ തയ്യാറ്ക്കൽ

**മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (Memorandum of Association)**

കമ്പനിയുടെ ലക്ഷ്യങ്ങൾ നിവചിക്കുന്ന പ്രമാണമാണ് ഇത്. ഇതിനെ കമ്പനിയുടെ ചാർട്ടർ അല്ലെങ്കിൽ 'മാഗ്ന കാർട്ട' എന്നും അറിയപ്പെടുന്നു. ഇത് കമ്പനിക്ക് പ്രവർത്തിക്കാൻ കഴിയാത്ത അതിർത്തി രേഖ നിർണ്ണയിക്കുന്നു.

മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ വിവിധ വകുപ്പുകളായാണ് തയ്യാറാക്കിയിരിക്കുന്നത്.

**I. നാമവകുപ്പ് (Name Clause)**

കമ്പനിയുടെ പേര് ഉൾപ്പെടുത്തിയിരിക്കുന്ന വകുപ്പാണിത്. പേര് നിലവിലുള്ള കമ്പനിയുടെ പേരുമായി
സാമ്യമുള്ളതോ സമാനമോ ആയിരിക്കരുത്.

**II. രജിസ്റ്റേഡ് ഓഫീസ് വകുപ്പ് (Registered Office Clause)**

കമ്പനിയുടെ രജിസ്റ്റർ ചെയ്ത ഓഫീസ് സ്ഥിതിചെയ്യുന്ന സംസ്ഥാനത്തിന്റെ പേര് ഈഖണ്ഡിക വ്യക്തമാക്കുന്നു. ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെയും കോടതിയുടെയും രജിസ്ട്രാറിന്റെ അധികാരപരിധി ഈ വകുപ്പ് നിർണ്ണയിക്കുന്നു.

**III. ലക്ഷ്യ വകുപ്പ് (Object Clause)**

മെമ്മോറാണ്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പാണിത്. കമ്പനിയുടെ രൂപീകരണ ലക്ഷ്യമാണ് ഇതിൽ പ്രത്പാദിച്ചിരിക്കുന്നത്. ഇതിൽ പറഞ്ഞിരിക്കുന്നതിനപ്പുറം ഒരു പ്രവർത്തനവും നിയമപരമായി ഏറ്റെടുക്കാൻ കഴിയില്ല.

**IV. ബാധ്യതാ വകുപ്പ് (Liability Clause)**

കമ്പനിയിലെ അംഗങ്ങളുടെ ബാധ്യതയാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്.ഇത് അംഗങ്ങളുടെ ഓഹരികളിൻമേൽ അടക്കാൻ ബാക്കിയുള്ള തുകയായി പരിമിതിപ്പെടുത്തിയിരിക്കുന്നു.

V. **മൂലധന വകുപ്പ് (Capital clause)**

രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയുടെ മൊത്തം മൂലധനമാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. അംഗീകൃത മൂല ധനം എന്നാണ് ഇത് അറിയപ്പെടുന്നു.

**ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (Articles of Association)**

ഒരു കമ്പനിയുടെ ആഭ്യന്തര ഭരണകാര്യങ്ങളെ കുറിച്ചുള്ള ചട്ടങ്ങളാണ് ഇതിലുള്ളത്. മാനേജ്മെന്റിന്റെയും ഡയറക്ടർ ബോർഡിന്റെയും ചുമതലകൾ, അവകാശങ്ങൾ, അധികാരങ്ങൾ എന്നിവ ഇത് നിർവചിക്കുന്നു. താഴെ പറയുന്ന കാര്യങ്ങളാണ് ഇതിൽ പൊതുവായി ഉൾപ്പെട്ടിട്ടുള്ളത്.

- ഓഹരികളുടെ എണ്ണവും വിലയും
- ഓഹരികളുടെയും കടപ്പത്രങ്ങളുടെയും അനുവദിക്കൽ
- മുൻഗണനാ ഓഹരികൾ ഇറക്കുന്നതു സംബന്ധിച്ച്
- ഓഹരികൾ കൈമാറുന്നതിനുള്ള നടപടിക്രമം
- ഓഹരി സ്റ്റോക്കാക്കി മാറ്റുന്നതിനുള്ള നടപടിക്രമം
- ഓഹരികളിലുള്ള അവകാശം
- ഓഹരികളുടെ കണ്ടുകെട്ടൽ
- വോട്ടവകാശവും പകരക്കാരും
- മൂലധന ഭേദഗതി
- കമ്മറ്റി യോഗങ്ങളും നിയമങ്ങളും
- കമ്പനിയുടെ മുദ്ര
- ഓഹരി പത്രം
- ഡയറക്ടർമാരുടെ പ്രതിഫലം

**മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും തമ്മിലുള്ള വ്യത്യാസങ്ങൾ**

| അടിസ്ഥാനം | മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ | ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ |
|---|---|---|
| ലക്ഷ്യങ്ങൾ | കമ്പനിയുടെ ലക്ഷ്യങ്ങൾ നിർവ്വചിച്ചിരിക്കുന്നു. | കമ്പനിയുടെ നിയമങ്ങൾ നിർവ്വചിച്ചിരിക്കുന്നു. |
| സ്ഥാനം | പ്രധാന പ്രമാണം | അനുബന്ധ പ്രമാണം |
| ബന്ധം | കമ്പനിയും പുറത്തുള്ളവരും തമ്മിലുള്ള ബന്ധം നിർവ്വചിച്ചിരിക്കുന്നു. | കമ്പനിയുടെ അംഗങ്ങളുമായുള്ള ബന്ധം നിർവ്വചിക്കുന്നു |
| സാധുത | അപ്പുറത്തുള്ള പ്രവർത്തനങ്ങൾ അംഗീകരിക്കാനാവില്ല | ഇതിന് പുറത്തുള്ള കാര്യങ്ങൾ മെമ്മോറാണ്ടത്തിന് വിരുദ്ധമാവാതിരുന്നാൽ മതി |
| അനിവാര്യത | അനിവാര്യ രേഖ | ദ്വിതീയ രേഖ |

**പ്രോസ്പെക്ടസ്**

ഒരു കമ്പനിയുടെ ഓഹരികളോ കടപ്പത്രങ്ങളോ വാങ്ങുന്നതിന് പൊതുജനങ്ങളെ ക്ഷണിക്കുന്നതിനായി പുറത്തിറക്കുന്ന വിജ്ഞാപനത്തെയോ പരസ്യത്തയോ ആണ് പ്രോസ്പെക്ടസ് എന്ന് വിളിക്കുന്നത്.

# അധ്യായം 7

## ബിസിനസ് ധനത്തിന്റെ സ്രോതസ്സുകൾ

### ധനത്തിന്റെ സ്രോതസ്സുകൾ (Source of Finance)

ഒരു ബിസിനസിന് വിവിധ സ്രോതസ്സുകളിൽ നിന്ന് ധനം ആർജ്ജിക്കാൻ കഴിയും. ഓരോ സ്രോതസ്സുകൾക്കും തനത് സവിശേഷതകൾ ഉണ്ട്. വിവിധ ധനകാര്യ സ്രോതസ്സുകൾ താഴെപ്പറയുന്നവയാണ്.

### 1. കരുതൽ ലാഭം (Retained earnings)

ഒരു കമ്പനി അതിന്റെ അറ്റാദായത്തിന്റെ ഒരു ഭാഗം ഭാവിയിലെ ഉപയോഗത്തിനായി നീക്കി വെക്കുന്നു. ഇതിനെ കരുതൽ ലാഭം എന്ന് പറയുന്നു.

**നേട്ടങ്ങൾ**

- ഇത് ഒരു സ്ഥിര സ്രോതസ്സാണ്.
- ഇതിന് ചിലവുകൾ ഒന്നുമില്ല
- കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യവും അയവും ലഭിക്കുന്നു
- അപ്രതീക്ഷിത നഷ്ടങ്ങളെ നേരിടാൻ ഇത് സഹായിക്കുന്നു
- ഇത് സാധാരണ ഓഹരികളുടെ വിപണി മൂല്യം വർദ്ധിപ്പിക്കുന്നു

**കോട്ടങ്ങൾ**

- ഇത് നിലവിലുള്ള ഓഹരിയുടമകളിൽ അസംതൃപ്തി സൃഷ്ടിച്ചേക്കാം
- അനിശ്ചിതത്വമുള്ള ധനകാര്യ ഉറവിടമാണ്
- ധനത്തിന്റെ ദുരുപയോഗത്തിന് സാധ്യതയുണ്ട്

### ഓഹരികളിറക്കൽ (Issue of Shares)

ഓഹരികളിറക്കിക്കൊണ്ട് സമാഹരിക്കുന്ന മൂലധനത്തെ ഓഹരി മൂലധനം എന്ന് പറയുന്നു. ഒരു കമ്പനിയുടെ മൂലധനം ചെറിയ ഘടകങ്ങളായി വിഭജിച്ചിരിക്കുന്നു. ഇതിനെ ഓഹരി എന്ന് വിളിക്കുന്നു. ഓഹരി കൈവശം വെക്കുന്നയാളെ ഓഹരി ഉടമ എന്ന് വിളിക്കുന്നു. സാധാരമയായി കമ്പനികൾക്ക് സാധാരണ ഓഹരികൾ, മുൻഗണനാ ഓഹരികൾ എന്നീ രണ്ട് തരത്തിലുള്ള ഓഹരികൾ ഇറക്കാൻ കഴിയും.

### 1. സാധാരണ ഓഹരികൾ (Equity Shares)

ലാഭവിഹിതം ലഭിക്കുന്നതിനോ മൂലധനം തിരിച്ച്കിട്ടുന്നതിനോ മുൻഗണനാ അവകാശമില്ലാത്ത ഓഹികളെ സാധാരണ ഓഹരികൾ അല്ലെങ്കിൽ ഇക്വിറ്റി ഷെയറുകൾ എന്ന് വിളിക്കുന്നു. ഇത് ഒരു കമ്പനിയുടെ രൂപീകരണത്തിന് അത്യന്താപേക്ഷിതമാണ്.

**നേട്ടങ്ങൾ**

- സ്ഥിര ലാഭവിഹിതം നൽകേണ്ട ബാധ്യതയില്ല
- ഇത് സ്ഥിരമായ മൂലധനമായി ഉപയോഗിക്കുന്നു
- സാധാരണ ഓഹരിഉടമകൾ കമ്പനിയുടെ യഥാർത്ഥ ഉടമകളാണ്
- വോട്ടവകാശം ഉണ്ട്
- വസ്തുവകകളിൽ ബാദ്ധ്യതയില്ല

**കോട്ടങ്ങൾ**

- സുരക്ഷിത വരുമാനം ഇഷ്ടപ്പെടുന്നവരെ ആകർഷിക്കുന്നില്ല
- ധനസമാഹരണചെലവ് കൂടുതലാണ്
- സാധാരണ ഓഹരികളുടെ വില കൂടുതലാണ്
- കൂടുതൽ നിയമപരമായ നിയന്ത്രണങ്ങൾ ഉണ്ട്

## 2. മുൻഗണനാ ഓഹരികൾ (Preference Shares)

കമ്പനി അടച്ചുപൂട്ടുമ്പോൾ ലാഭവിഹിതം ലഭിക്കുന്നതിനോ മൂലധനം തിരിച്ച്കിട്ടുന്നതിനോ മുൻഗണനാ അവകാശമുള്ള ഓഹരികളാണ് മുൻഗണനാ ഓഹരികൾ. ഇവക്ക് കടപ്പത്രങ്ങളോട് സാദൃശ്യമുണ്ട്.

**നേട്ടങ്ങൾ**

- ഒരു സുരക്ഷിത നിക്ഷേപ മാർഗ്ഗമാണ്
- നിശ്ചിത നിരക്കിൽ സ്ഥിര വരുമാനം ലഭിക്കുന്നു
- ഇത് സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശത്തെയും നിയന്ത്രണത്തെയും ബാധിക്കില്ല
- സാധാരണ ഓഹരിഉടമകൾക്ക് ഉയർന്ന ലാഭവിഹിതം പ്രഖ്യാപിക്കാൻ ഇത് കമ്പനിയെ പ്രാപ്തമാക്കുന്നു
- കമ്പനിയുടെ ആസ്തികൾ പണയമായി നൽകേണ്ടതില്ല

**കോട്ടങ്ങൾ**

- കൂടുതൽ ലാഭം പ്രതീക്ഷിക്കുന്നവർക്ക് യോജിച്ചതല്ല
- ലാഭവിഹിത നിരക്ക് ഡിബഞ്ചറുകളുടെ പലിശ നിരക്കിനേക്കാൾ കൂടുതലാണ്
- ഓഹരിഉടമകൾക്ക് മാനേജ്മെന്റിൽ നിയന്ത്രണമില്ല
- കമ്പനിക്ക് നികുതി നേട്ടമില്ല

**വിവിധതരം മുൻഗണനാ ഓഹരികൾ (Types of Preference Shares)**

1. കുടിശ്ശികയുള്ള മുൻഗണനാ ഓഹരികൾ
2. കുടിശ്ശികയില്ലാത്ത മുൻഗണനാ ഓഹരികൾ
3. പങ്ക് പറ്റുന്ന മുൻഗണനാ ഓഹരികൾ
4. പങ്ക് പറ്റാൻ കഴിയാത്ത മുൻഗണനാ ഓഹരികൾ
5. രൂപാന്തരപ്പെടുത്താൻ കഴിയുന്ന മുൻഗണനാ ഓഹരികൾ
6. രൂപാന്തരപ്പെടുത്താൻ കഴിയാത്ത മുൻഗണനാ ഓഹരികൾ

## 3. കടപ്പത്രങ്ങൾ (Debentures)

ഭാവിയിൽ ഒരു നിശ്ചിത കാലാവധിക്ക് ശേഷം തിരിച്ച് നൽകാം എന്ന വാഗ്ദാനത്തോടെ ഒരു നിശ്ചിത തുക കമ്പനി കടം വാങ്ങിയിട്ടുണ്ട് എന്ന അറിയിപ്പാണ് കടപ്പത്രം. കടപ്പത്രംങ്ങളുടെ പലിശ നിശ്ചിത നിരക്കിലുള്ളതായിരിക്കും. കടപ്പത്രഉടമകൾ കമ്പനിയുടെ കടക്കാരാണ്.

**നേട്ടങ്ങൾ**

- കൂടുതൽ സുരക്ഷ നൽകുന്ന നിക്ഷേപം
- മാനേജ്മെന്റിന്റെ നിയന്ത്രണത്തെ ബാധിക്കില്ല
- സ്ഥിരമായ വിൽപ്പനയും വരുമാനവുമുള്ള സ്ഥാപനങ്ങൾക്ക് ഇത് അനുയോജ്യമാണ്
- നികുതിയിളവ് ലഭിക്കുന്നു
- കടപ്പത്ര ഉടമകൾക്ക് സ്ഥിരമായ പലിശ ലഭിക്കുന്നു

**കോട്ടങ്ങൾ**

- നിശ്ചിത പലിശ കമ്പനിക്ക് ഭാരമായി മാറുന്നു.

- വോട്ടവകാശമില്ല
- കമ്പനി സാമ്പത്തിക പ്രതിസന്ധി നേരിട്ടാലും ഒരു നിശ്ചിത കാലയളവിനശേഷം തുക തിരിച്ചനൽകേണ്ടി വരുന്നു.
- ഇത് കമ്പനികളുടെ വായ്പയെടുക്കാനുള്ള ശേഷി കുറയ്ക്കും

**വിവിധ തരം കടപ്പത്രങ്ങൾ (Types of Debentures)**

a) ഈടുള്ള കടപ്പത്രങ്ങൾ
b) ഈടില്ലാത്ത കടപ്പത്രങ്ങൾ
c) രജിസ്റ്റർ ചെയ്ത കടപ്പത്രങ്ങൾ
d) വാഹക കടപ്പത്രങ്ങൾ
e) രൂപാന്തരപ്പെടുത്താവുന്ന കടപ്പത്രങ്ങൾ
f) രൂപാന്തരപ്പെടുത്താനാകാത്ത കടപ്പത്രങ്ങൾ
g) ഒന്നാം തരം കടപ്പത്രങ്ങൾ
h) രണ്ടാം തരം കടപ്പത്രങ്ങൾ

# അധ്യായം 8

## ആഭ്യന്തര വ്യാപാരം

### ആഭ്യന്തര വ്യാപാരം (Internal Trade)

ഒരു രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിൽ നടത്തുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലും വിൽപ്പനയുമാണ് ആഭ്യന്തര വ്യാപാരം .

ആഭ്യന്തര വ്യാപാരത്തെ രണ്ടായി തിരിക്കാം:

(a) മൊത്ത വ്യാപാരം /മൊത്തക്കച്ചവടം

(b) ചില്ലറ വ്യാപാരം

### 1.മൊത്തവ്യാപാരം (Wholesale Trade)

വീണ്ടും വിൽക്കുന്നതിനായി വൻതോതിൽ സാധനങ്ങളോ സേവനങ്ങളോ ഉൽപ്പാദകരിൽ നിന്ന് വാങ്ങുകയും ചില്ലറ കച്ചവടക്കാർക്ക് വിൽക്കുകയും ചെയ്യുന്നതിനെയാണ് മൊത്തവ്യാപാരം. മൊത്തവ്യാപാരത്തിൽ ഇടപെടുന്ന വ്യാപാരികളെ മൊത്തവ്യാപാരികൾ എന്നുവിളിക്കുന്നു. ഉൽപ്പാദകരെയും ചില്ലറ വ്യാപാരികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഇടനിലക്കാരാണ് ഇവർ.

### 2. ചില്ലറ വ്യാപാരം (Retail Trade)

താരതമ്യേന ചെറിയ അളവിൽ സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുക എന്നതിനെ ചില്ലറ വ്യാപാരം എന്ന് വിളിക്കുന്നു. ചില്ലറ വ്യാപാരത്തിൽ ഏർപ്പെടുന്നവരെ ചില്ലറ വ്യാപാരികൾ എന്ന് വിളിക്കുന്നു. സാധാരണയായി അദ്ദേഹം വൈവിധ്യമാർന്ന സാധനങ്ങൾ കൈകാര്യം ചെയ്യുന്നു. വിതരണശൃംഖലയിലെ അവസാന കണ്ണിയാണ് ഇവർ.

### വിവിധ തരം ചില്ലറ വ്യാപാരികൾ (Types of Retailers)

### 1. വഴിയോര കച്ചവടക്കാർ (Itinerant retailers)

ബിസിനസ് പ്രവർത്തനങ്ങൾക്കായി സ്ഥിരമായ ഒരു സ്ഥലമില്ലാത്ത ചില്ലറ വ്യാപാരികളാണ് ഇവർ. ഒരു സ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്തേയ്ക്ക് സഞ്ചരിച്ചുകൊണ്ട് ഉല്പന്നങ്ങൾ വിൽക്കുന്നവരാണ് വഴിയോര കച്ചവടക്കാർ.

**സവിശേഷതകൾ**

- പരിമിതമായ ഉല്പ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നു
- വിലകുറഞ്ഞ നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുന്നു
- പരിമിതമായ നിക്ഷേപം
- മികച്ച സേവനം

ഇന്ത്യയിലെ വഴിയോര കച്ചവടക്കാരുടെ വിവിധ തരങ്ങൾ:

**a. നടന്ന് വില്പനക്കാർ ( Hawkers and Pedlars)**

a.ചെറുവാഹനത്തിലും കാൽനടയായും വില്പന നടത്തുന്നവർ (Hawkers and Pedlars):
സൈക്കിളോ ഉന്തുവണ്ടിയോ പോലുള്ള ചെറിയ വാഹനങ്ങൾ ഉപയോഗിച്ചും തലച്ചുമടായും വീടുവീടാന്തരം കയറിയിറങ്ങി സാധങ്ങൾ വിൽക്കുന്നവരാണ് നടന്ന് വില്പ്പനക്കാർ.

**b. ചന്തക്കച്ചവടക്കാർ (Market Traders)**

പല സ്ഥലങ്ങളിലായി ചില ദിവസങ്ങളിൽ മാത്രം തുറന്നു പ്രവർത്തിക്കുന്ന വ്യാപാരികളെയാണ് ചന്തക്കച്ചവടക്കാർ എന്ന് പറയുന്നത്.

**c. തെരുവ് കച്ചവടക്കാർ (Street Traders)**

ഈ വ്യാപാരികൾ കൂടുതൽ ആളുകൾ വന്നുപോകുന്ന റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ എന്നിവയ്ക്കടുത്തുള്ള നടപ്പാതകളിലോ മറ്റോ നിത്യോപയോഗ സാധങ്ങൾ വിൽക്കുന്നു.

**d. ചീപ് ജാക്ക് (Cheap Jacks)**

വലിയ ആൾക്കൂട്ടം വരുന്ന സ്ഥലത്ത് തീരെ ചെറിയ താല്ക്കാലിക ഷോപ്പുകൾ നടത്തുന്നവരാണ് ഇവ ർ. ഇവരുടെ കടകൾ ഒരിക്കലും ശാശ്വതമല്ല.

**2. സ്ഥിരം സ്ഥാപനമുള്ള ചില്ലറ കച്ചവടക്കാർ (Fixed Shop Retailers)**

സാധനങ്ങൾ വില്ക്കുന്നതിന് സ്ഥി**സ്ഥിരം** രമായ സ്ഥാപനങ്ങളുള്ള ചില്ലറ വിൽപ്പനക്കാരാണ് ഇവർ.

**സവിശേഷതകൾ**

- കൂടുതൽ നിക്ഷേപം
- വത്യസ്ഥങ്ങളായ ഉല്പ്പന്നങ്ങൾ
- കൂടുതൽ വിശ്വാസ്യത

**വിവിധ തരം സ്ഥിരം ചില്ലറ കച്ചവടക്കാർ (Types of Fixed Shop Retailers)**

**ചെറുകിട ചില്ലറ വ്യാപാരികൾ**

**a)** പൊതു സ്റ്റോറുകൾ

**b)** സവിശേഷ ഉൽപ്പന്ന കടകൾ

**c)** തെരുവ് സ്റ്റാൾ നടത്തുന്നവർ

**d)** ഉപയോഗിച്ച സാധനങ്ങളുടെ വിൽപ്പനശാലകൾ

**വൻകിട ചില്ലറ വ്യാപാരികൾ**

**a) ഡിപ്പാർട്ട്മെന്റൽ സ്റ്റോറുകൾ (Departmental Stores)**

ഒരു കുരയ്ക്ക് കീഴിൽ വിവധ വിഭാഗങ്ങളായി വേർതിരിക്കപ്പെട്ടതും വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതുമായ വലിയ ചില്ലറവിൽപ്പനശാലകളാണ് ഇത്. എല്ലാ ഉപഭോക്താക്കൾക്കും ആവശ്യമുള്ളത ഒരേ മേൽക്കൂരയിൽ നിറവേറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**സവിശേഷതകൾ**

- ഉയർന്ന വരുമാനക്കാരെ ലക്ഷ്യം വെക്കുന്നു.
- ഇത് ഒരു വലിയ തോതിലുള്ള ചില്ലറ സ്ഥാപനമാണ്
- വിൽപ്പനയും സംഭരണവും നിർവ്വഹിക്കുന്നു
- കേന്ദ്രീകൃത വാങ്ങൽ സംവിധാനം
- വിശ്രമമുറി, റെസ്റ്റോറന്റ് എന്നിങ്ങനെയുള്ള വിവിധ സൗകര്യങ്ങൾ നൽകുന്നു
- നഗരത്തിന്റെ കേന്ദ്ര സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്.

## b) മൾട്ടിപ്പിൾ ഷോപ്പുകൾ (Multiple Shops or Chain Shops)

ഉൽപ്പാദകരുടെയോ ഇടനിലക്കാരുടെയോ ഉടമസ്ഥതയിൽ നടത്തുന്ന ചില്ലറ വിൽപ്പനശാലകളാണ് ഇത്. ഒരു കേന്ദ്രീകൃത മാനേജ്മെൻറിന് കീഴിൽ പ്രവർത്തിക്കുന്നതും സമാനമായ ചരക്കുകൾ കൈകാര്യം ചെയ്യുന്നതുമായ ബ്രാഞ്ച് ഷോപ്പുകളുടെ ഒരു സംവിധാനമാണ് മൾട്ടിപ്പിൾ ഷോപ്പുകൾ.

**നേട്ടങ്ങൾ**

- വൻകിടപ്രവർത്തനങ്ങളുടെ നേട്ടങ്ങൾ
- ഇടനിലക്കാരെ ഒഴിവാക്കാൻ കഴിയുന്നു
- കിട്ടാക്കടം ഉണ്ടാവുന്നില്ല
- നഷ്ടസാധ്യത ലഘൂകരിക്കുന്നു
- കുറഞ്ഞ പ്രവർത്തന ചെലവ്
- അയവുണ്ട്

**കോട്ടങ്ങൾ**

- ഉല്പ്പന്നങ്ങളുടെ വൈവിധ്യമില്ലായ്മ
- ക്രെഡിറ്റ് സൗകര്യങ്ങളില്ല
- വ്യക്തിഗതബന്ധങ്ങളുടെ അഭാവം
- ഫാഷനിലെ മാറ്റം കാരണം അപകടസാധ്യത ഉണ്ടാകുന്നു

## c) സൂപ്പർ മാർക്കറ്റുകൾ (Super Markets)

കുറഞ്ഞ വിലയിൽ വൈവിധ്യങ്ങളായ ഉല്പ്പന്നങ്ങൾ ചില്ലറവ്യാപാരം നടത്തുന്ന വൻകിട സ്ഥാപനങ്ങളാണ് സൂപ്പർ മാർക്കറ്റുകൾ. സെയിൽസ്മാൻമാരുടെ അഭാവമാണ് സൂപ്പർ ബസാറിന്റെ ഏറ്റവും വലിയ സവിശേഷത.

**സവിശേഷതകൾ**

- വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ
- സ്വയം സേവന മാതൃകയിലാണ് പ്രവർത്തിക്കുന്നത്
- വില കുറവായിരിക്കും
- റൊക്കം പണത്തിന് മാത്രം വിൽപ്പന
- പ്രധാന ഷോപ്പിംഗ് കേന്ദ്രത്തിലാണ് സ്ഥിതിചെയ്യുന്നത്

## വെൻഡിംഗ് മെഷീനുകൾ (Vending Machines)

വിപണനരീതികളിലെ പുതിയ സംവിധാനമാണ് വെൻഡിംഗ് മെഷീനുകൾ. ശീതളപാനീയങ്ങൾ, പാൽ, ന്യൂസ് പേപ്പർ തുടങ്ങി നിരവധി ഉൽപ്പന്നങ്ങൾ വിൽക്കാൻ ഇത് വളരെ സൗകര്യപ്രദമാണ്. ഒരേ വലുപ്പത്തിലും അളവിലും ഉള്ളതും ആകർഷകവുമായ കുറഞ്ഞ വിലയിലുള്ള ഉൽപ്പന്നങ്ങളുടെ മുൻകൂട്ടി പായ്ക്ക് ചെയ്ത ബ്രാൻഡുകൾ വിൽക്കാൻ ഇത് ഉപയോഗപ്രദമാണ്.